(4) 2004-ലെ കേരള ലാൻഡ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(5) 2002-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2002-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(6) 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റുമെന്റ്) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഹകരണവും തുറമുഖവും വകുപ്പുമന്ത്രിയും കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. എം. വി. രാഘവനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ഡോ. തോമസ് ഐസക് : റൂൾ 154, ഈ സഭയുടെ അവകാശലംഘനം, ശ്രീ. കടവൂർ ശിവദാസൻ കഴിഞ്ഞ ദിവസം നിയമസഭയിൽ നടത്തി എന്ന പ്രശ്നം ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. റൂൾ 154, ഈ സഭയിൽ ഉന്നയിക്കാനുള്ള അവകാശം അങ്ങയുടെ അനുമതിയോടുകൂടിയായിരിക്കണമെന്നാണ്. ഞാൻ പറയുന്നത് കേട്ടതിനുശേഷം അങ്ങ് തീരുമാനിച്ചുകൊള്ളൂ.

മി. സ്പീക്കർ : അങ്ങനെയൊരു പതിവില്ല.

ഡോ. തോമസ് ഐസക്:.....(ബഹളം).....പാർലമെന്റിൽ പതിവുണ്ട്. ഞാൻ പറയുന്നത് കേട്ടതിനുശേഷം അങ്ങ് തീരുമാനിച്ചുകൊള്ളൂ. Comptroller and Auditor General-ന്റെ duties, powers and conditions.....(ബഹളം).....Service Act പ്രകാരം information about an audited.....(ബഹളം)..... in the course of ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. പ്രതാപൻ ഇരിക്കൂ. I will manage.

ഡോ. തോമസ് ഐസക്:.....(ബഹളം).....must not outside the scope of audit and formation opinion or reporting not in accordance with auditors responsibility.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റൂൾ 154 അനുസരിച്ച് A member may, with the consent of the Speaker raise a question

LIBRARY ARCHIVES Kerala Legislative Assembly

involving.....ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുന്നതിനുമുമ്പ് സംസാരിക്കുക എന്നത് ശരിയാണോ? ഞാൻ പറയാം, പിന്നീട് അങ്ങ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു.....(ബഹളം).....അങ്ങനെയല്ല വേണ്ടത്, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചതിനുശേഷമാണ് സംസാരിക്കേണ്ടത്.

മി. സ്പീക്കർ: അത് ശരിയല്ല. ഇവിടെ ചില നടപടിക്രമങ്ങളുണ്ട്. ഞാൻ അംഗീകരിച്ചാൽ മാത്രമേ സംസാരിക്കാൻ പാടുള്ളൂ. ഇവിടെ അങ്ങ് പ്രിവിലേജ് കമ്മിറ്റിക്ക് ഒരു വിഷയം എഴുതി തന്നിട്ടുണ്ട്. ഞാൻ അത് പരിശോധിച്ചു. റൂൾ 157 പ്രകാരം സ്പീക്കറുടെ അനുമതിയോടുകൂടി റെയ്സ് ചെയ്യാമെന്നുണ്ട്. ഞാൻ പരിശോധിച്ചു നോക്കിയപ്പോൾ അങ്ങനെ റെയ്സ് ചെയ്യാനുള്ള പ്രീസിഡന്റ്സ് ഇവിടെയില്ല. അങ്ങ് എഴുതി തന്നിട്ടുള്ളത് ഞാൻ പരിശോധിക്കും, വേണ്ട നടപടികൾ കൈക്കൊള്ളും.

II. അവിശ്വാസപ്രമേയം

ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

പ്രൊഫ. കെ. വി. തോമസ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിനെതിരായി ഒരു അവിശ്വാസ്പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്. അവിശ്വാസപ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണനും കേരളത്തിലെ ജനങ്ങൾക്കും ചില കാര്യങ്ങൾ വ്യക്തമാണ്. ഒന്ന്, ഈ അവിശ്വാസ പ്രമേയത്തിന്റെ പേരിൽ ഈ ഗവൺമെന്റ് രാജി വയ്ക്കേണ്ടതില്ല. കാരണം ഈ ഗവൺമെന്റിന് ഈ ഹൗസിൽ വേണ്ടത്ര ഭൂരിപക്ഷമുണ്ട്. രണ്ട്, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ 13 പോയിന്റുകൾ ഈ സഭയ്ക്കു മുന്നിൽ വച്ചുകൊണ്ടാണ് പ്രമേയം അവതരിപ്പിച്ചത്. ഈ 13 പോയിന്റുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും ശ്രീ. എ. കെ. ആന്റണി ആരംഭിച്ച ശ്രീ. ഉമ്മൻചാണ്ടി തുടരുന്ന ഈ ഗവൺമെന്റിനെതിരായി ശക്തമായ ആഞ്ഞടിയുണ്ടാകുമെന്നാണ് പലരും പ്രതീക്ഷിച്ചത്. പക്ഷേ അദ്ദഹത്തിന്റെ 13 പോയിന്റുകൾ അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ, കാറ്റുപോയ ബലൂൺ പോലെ അതെല്ലാം ഈ ഹൗസിൽ തന്നെ വീഴുന്നതാണ് കണ്ടത്. ഇന്ന് പ്രതിപക്ഷത്തുള്ള നേതാക്കളിൽ കരുത്തനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 10 വർഷത്തിനുള്ളിൽ ഈ സഭയിൽ, ആദ്യമായി ഇത്തരത്തിലുള്ള ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്നത് എന്തിനാണെന്നുള്ളത് നാം ആലോചിക്കേണ്ടതാണ്. വെറുതെ അദ്ദേഹം ഇത്തരമൊരു അവിശ്വാസപ്രമേയം കൊണ്ടുവരില്ല. കഴിഞ്ഞ ഒരു മാസക്കാലം കേരളത്തിലെ തെരുവീഥികളിൽ വിദ്യാർത്ഥികളും യുവജനങ്ങളും പോലീസുമായി ഏറ്റുമുട്ടുകയുണ്ടായി. അത് കേരളത്തിലെ സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ്. അങ്ങേയ്ക്കറിയാം, ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് സ്വാശ്രയ കോളേജുകൾ കൊണ്ടുവരുന്ന തീരുമാനമെടുക്കുന്നതിനുമുമ്പ്, കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെയും സാധാരണ ജനങ്ങളുടെയും മക്കൾ മെഡിക്കൽ കോളേജുകളിൽ, എൻജിനീയറിംഗ് കോളേജുകളിൽ,

LIBRARY ARCHIVES Kerala Legislative Assembly